**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1340** **11-09-2023 - ൽ മറുപടിയ്ക്ക്**

**തുപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ തുപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി കെട്ടിടം പണിയുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | തവനൂർ മണ്ഡലത്തിലെ **തുപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ തുപ്രങ്ങോട്** പി.എച്ച്.സി. ആർദ്രം 2-ാം ഘട്ടത്തിൽ 16/06/2018-ലെ G.O.(MS)No.113/2018/ H&FWD. നമ്പർ ഉത്തരവ് പ്രകാരം കുടുംബാരോഗ്യകേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിലെ കെട്ടിടം പണിയുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ടി പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗത്തിന്റെ കരട് ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. ടി ഡ്രോയിംഗ് ആരോഗ്യ വകുപ്പിന്റെ അനുമതിയ്ക്കായി നൽകിയിരിക്കുകയാണ്. ഇത് അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ആർക്കിടെക്ചർ തയ്യാറാക്കുന്ന അന്തിമ ഡ്രോയിംഗ് അനുസരിച്ച് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി ഏതുവരെയായി എന്ന് വിശദമാക്കാമോ; | (സി) | ടി പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗത്തിന്റെ കരട് ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. ടി ഡ്രോയിംഗ് ആരോഗ്യ വകുപ്പിന്റെ അനുമതിയ്ക്കായി നൽകിയിരിക്കുകയാണ്. ഇത് അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ആർക്കിടെക്ചർ തയ്യാറാക്കുന്ന അന്തിമ ഡ്രോയിംഗ് അനുസരിച്ച് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. |
| (ഡി) | ഭരണാനുമതി ലഭിക്കാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | തുപ്രങ്ങോട് പ്രാഥമിക ആരോഗ്യ കേന്ദ്രം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2021 -22 ൽ 20% വകയിരുത്തിയിരുന്നു. സി.എച്ച്,സി നിർണ്ണയിച്ച് നൽകിയ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കുവാൻ വേണ്ടി ആർക്കിടെക്ചറൽ |

| | | | |
|---|---|---|---|
| | | | വിഭാഗത്തെ അറിയിച്ചിരുന്നു. കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യകത കൈമാറുന്നതിന് സി.എച്ച് സി വിഭാഗത്തിൽ നിന്ന് വൈകിയാണ് കത്ത് ലഭിച്ചത്. ആർക്കിടെക്ചറൽ തയ്യാറാക്കിയ പ്ലാൻ സി.എച്ച്.സി വിഭാഗത്തിൽ നിന്ന് അംഗീകരിച്ച് നൽകിയിട്ടില്ല. സ്ഥലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് ഭരണാനുമതിയ്ക്കായി പരിശോധിച്ച് വരികയാണ്. സി.എച്ച്,സി യിൽ നിന്നും ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കുള്ള വിശദമായ പ്രൊപ്പോസൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ